"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - കാഡ്കോ- "Gold Appraiser Training for Traditional Goldsmiths" എന്ന പദ്ധതിക്കായി ₹10.6 ലക്ഷം രൂപ (പത്തു ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.1188/2023/ID തീയതി,തിരുവനന്തപുരം, 23-11-2023

---

പരാമർശം:- 1. സ.ഉ.(സാധാ)നം.576/2023/ID തീയതി 16.06.2023.

2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 30.06.2023 -ലെ DIC/1998/2023-HC-H നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം "Gold Appraiser Training for Traditional Goldsmiths" എന്ന പദ്ധതിക്കായി കാഡ്കോയ്ക്ക് 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത തുക റിലീസ് ചെയ്ത് നൽകുന്നതിനായി പരാമർശം (2) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "Gold Appraiser Training for Traditional Goldsmiths" എന്ന പദ്ധതിക്കായി "2851-00-104-70(P)" എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്ന തുകയിൽ നിന്നും ₹10.6 ലക്ഷം രൂപ (പത്തു ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) ചുവടെ പറയുന്ന വ്യവസ്ഥകൾക്കും സ.ഉ. (സാധാ)നം.576/2023/ID തീയതി 16.06.2023 -ലെ നിർദ്ദേശങ്ങൾക്കും വിധേയമായി കാഡ്കോയ്ക്ക് റിലീസ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു:

i. 16.04.2018-ലെ സ.ഉ(അച്ചടി)നം.62/2018/ധന അനുസരിച്ച് ഫണ്ടുകൾ PSTSB അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

ii. അനുവദിക്കപ്പെട്ട പദ്ധതിക്കായി മാത്രം ഫണ്ടുകൾ വിനിയോഗിക്കേണ്ടതും മറ്റ് ആവശ്യങ്ങൾക്കായി വക മാറ്റുവാൻ പാടില്ലാത്തതുമാണ്.

iii. സർക്കുലർ നം.84/2008/ഫിൻ തീയതി 09-12-2008, സർക്കുലർ നം.75/09/ഫിൻ തീയതി 29/08/2009, സർക്കുലർ നം.8/2018/ഫിൻ തീയതി 30/01/2018, സർക്കുലർ നം.53/2018/Fin തീയതി 16.06.2018 എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

iv. 11.06.2018-ലെ സ.ഉ.(അച്ചടി)നം.88/2018/fin, 03.07.2018-ലെ സ.ഉ.(അച്ചടി)നം.100/ 2018/Fin എന്നിവ പ്രകാരം നൽകിയ പ്ലാൻ ഫണ്ടുകളുടെ വിനിയോഗവും നിരീക്ഷണവും സംബന്ധിച്ച പ്രവർത്തന മാർഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

v. ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച സാമ്പത്തിക തത്വങ്ങളും നിയമങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്.

vi. പുതിയ ഫണ്ട് റിലീസ് പ്രൊപ്പോസലുകൾക്കൊപ്പം മുൻപ് അനുവദിച്ച തുകകളുടെ ഉപയോഗ സർട്ടിഫിക്കറ്റ്/ കംപോണന്റ് തിരിച്ചുള്ള ചെലവ് വിശദാംശങ്ങളും റിലീസ് ചെയ്യാനുള്ള തുകയും 09.01.2020 തീയതിയിലെ സ.ഉ. (കൈ)നം.04/2020/ധന ഉത്തരവിന്റെ അനുബന്ധത്തിൽ നിർദ്ദേശിച്ചിട്ടുള്ള നിശ്ചിത മാതൃകയിൽ ലഭ്യമാക്കേണ്ടതാണ്.

vii. മുമ്പ് അനുവദിച്ച തുകയിൽ ചെലവഴിക്കാതെ ബാക്കി ഉണ്ടെങ്കിൽ, ഫണ്ടുകളുടെ നിലവിലെ റിലീസിനായി ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ, ആയത് ക്രമീകരിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

viii. ലോൺ മോണിറ്ററിംഗും ഫണ്ട് മാനേജ്മെന്റും സംബന്ധിച്ച് സ.ഉ.(അച്ചടി) നം.157/2021/ധന തീയതി

26.11.2021, സ.ഉ.(അച്ചടി) നം.171/2021/ധന തീയതി 18.12.2021 എന്നിവയിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

3. വ്യവസായ വാണിജ്യ ഡയറക്ടർ/അഡിഷണൽ ഡയറക്ടർ പ്രസ്തുത തുക പിൻവലിച്ച് വിതരണം ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുമൻ ബില്ല
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കാഡ്കോ, തിരുവനന്തപുരം.
ഡയറക്ടർ/അഡീഷണൽ ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് & കൊമേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വികാസ് ഭവൻ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (U.O.No.PU-D3/84/2023 തീയതി 13.11.2023 പ്രകാരം).
അണ്ടർ സെക്രട്ടറി & നോഡൽ ഓഫീസർ, ബജറ്റ് മോണിറ്ററിംഗ് സിസ്റ്റം
ധനകാര്യ (ജിഎംസി) വകുപ്പ്
ഐ &പി.ആർഡി (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്).
സ്റ്റോക്ക് ഫയൽ (IND-K3/71/2023-IND)

ഉത്തരവിൻ പ്രകാരം
Signed by
S Padmaja
Date: 24-11-2023 12:50:42
സെക്ഷൻ ഓഫീസർ